# എൻ.എസ്.എസ്. ബഡ്ജറ്റുസമ്മേളനം 2026

നായർ സർവീസ് സൊസൈറ്റിയുടെ 112-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 20.6.2026-ന് പെരുന്ന എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ നടന്നു. പ്രസിഡന്റ് ഡോ. എം. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ 2026-27 വർഷത്തേക്കുള്ള 175 കോടി രൂപാ വരവും അത്രയുംതന്നെ ചെലവും വകയിരുത്തിയ ബഡ്ജറ്റ് അവതരിപ്പിച്ചു. (മുൻവർഷത്തെ ബഡ്ജറ്റ് 165 കോടി രൂപയായിരുന്നു)

പതിവുപോലെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു.

എൻ.എസ്.എസ്. പുവർ എയിഡ് ഫണ്ടിൽ നിന്നും വ്യക്തികൾക്ക് നൽകിവരുന്ന വിവിധ ധനസഹായങ്ങൾ തുടരുക, തോട്ടങ്ങളിലെ കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ കൃഷികൾ ചെയ്യുകയും ടാപ്പിംഗ് കാര്യക്ഷമമാക്കുന്നതിന് കൂടുതൽ തൊഴിലാളികളെ നിയമിക്കുകയും മറ്റ് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, ആശുപത്രികളിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, മരാമത്ത് പണികളും മെയിന്റൻസ് പണികളും ചെയ്യുക, വിവിധ ഇൻഷുറൻസ് കമ്പനികളിൽ നമ്മുടെ ആശുപത്രികൾ എംപാനൽ ചെയ്യുകയും NABH അക്രഡിറ്റേഷൻ എടുക്കുകയും ചെയ്യുക, വിദ്യാഭ്യാസസ്ഥാപനങ്ങളിലേത് ഉൾപ്പെടെയുളള കെട്ടിടങ്ങൾക്ക് ആവശ്യമായ നവീകരണങ്ങളും അറ്റകുറ്റപ്പണികളും നടത്തുക, പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുക, നിലവിലുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വസ്തുക്കളുടെ സംരക്ഷണത്തിന് ആവശ്യമായ ചുറ്റുമതിലുകൾ നിർമ്മിക്കുക മുതലായവയ്ക്ക് തൻവർഷത്തെ ബഡ്ജറ്റിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റ് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

മദ്യവും മയക്കുമരുന്നുകളും ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ, അത് ഉപയോഗിക്കുന്ന വ്യക്തികളെയും കുടുംബാംഗങ്ങളെയും സമൂഹത്തെ പൊതുവെയും, ആരോഗ്യപരമായും സാമ്പത്തികമായും സാംസ്കാരികമായും നശിപ്പിക്കുന്ന വിപത്താണ്. അതിനാൽ സംസ്ഥാനത്ത് മദ്യശാലകളുടെ പ്രവർത്തനത്തിലും പുതിയവ അനുവദിക്കുന്ന കാര്യത്തിലും നിയന്ത്രണം കൊണ്ടുവരണമെന്ന് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് വൈസ് പ്രസിഡന്റ് എം. സംഗീത് കുമാർ അവതാരകനായും സെക്രട്ടറി ഡോ. കെ.ബി. ജഗദീഷ് അനുവാദകനായും ഉള്ള പ്രമേയം പാസ്സാക്കി.

ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ജി. സുകുമാരൻനായർ (ചങ്ങനാശ്ശേരി), എൻ.വി. അയ്യപ്പൻപിള്ള (കരുനാഗപ്പള്ളി), ചിതര എസ്. രാധാകൃഷ്ണൻനായർ (ചടയമംഗലം), വി.എ. ബാബുരാജ് (നെടുമങ്ങാട്), ജി. തങ്കപ്പൻപിള്ള (കൊട്ടാരക്കര), പി.എൻ. സുകുമാരപ്പണിക്കർ (ചെങ്ങന്നൂർ), കെ. ശ്രീശകുമാർ (കുന്നത്തുനാട്), ആർ. മോഹൻകുമാർ (തിരുവല്ല), വി.ആർ.കെ. ബാബു (കുന്നത്തൂർ) എന്നിവരെ തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിയായി ജി. സുകുമാരൻനായരെയും ട്രഷറർ ആയി അഡ്വ. എൻ.വി. അയ്യപ്പൻപിള്ളയെയും പൊതുയോഗം തിരഞ്ഞെടുത്തു. തുടർന്നു കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ എം. സംഗീത്കുമാർ വൈസ് പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായി അഡ്വ. കെ. ശ്രീശകുമാറിനെ (കുന്നത്തുനാട്) തിരഞ്ഞെടുക്കുകയും എക്സ്പെർട്ട് അഡീഷണൽ മെമ്പറായി ചങ്ങനാശ്ശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ഇൻ ചാർജ്ജ് എസ്. സുരേഷ്കുമാറിനെയും നിയമിക്കുകയും ചെയ്തു.

എൻ.എസ്.എസ്. ഇലക്ഷൻ ഓഫീസർ അഡ്വ. അനിൽ ഡി. കർത്താ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.